**പതിമൂന്നാം കേരള നിയമസഭ**

# വിഷയനിർണ്ണയ സമിതി VII

# (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## 2013-2014 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2014 ജൂലൈ 15-ാംതീയതി സമർപ്പിച്ചത്

(Presented on 15th July 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

**2013-2014 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

968/2014.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VII
# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

<u>എക്സ്- ഒഫീഷ്യോ അംഗം</u>

ശ്രീ. ഷിബു ബേബി ജോൺ ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

| | |
|---|---|
| ശ്രീ. എ. കെ. ബാലൻ , | എം.എൽ .എ. |
| ,, എം. ചന്ദ്രൻ , | ,, |
| ,, പി. കെ. ഗുരുദാസൻ , | ,, |
| ,, എം. ഹംസ, | ,, |
| ,, പി. എ. മാധവൻ , | ,, |
| ,, എൻ . എ. നെല്ലിക്കുന്ന് , | ,, |
| ,, എ. കെ. ശശീന്ദ്രന്, | ,, |
| ,, കെ. ശിവദാസൻ നായർ , | ,, |
| ,, എം. എ. വാഹീദ്, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ ചെയർമാനായ ഞാൻ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി VII-ന്റെ മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതിയുടെ 11-2-2014, 3-6-2014, 7-7-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശുപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശുപാർശകളും ചേർത്തിരിക്കുന്നു.

2014 ജൂലൈ 9-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2014 ജൂലൈ 9.

# റിപ്പോർട്ട്

ഭാഗം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച
വിഷയനിർണ്ണയ സമിതി VII-ന്റെ 2013-2014-ലെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ടിൽ മറുപടി ലഭിച്ച
ശുപാർശകളും അവയ്ക്ക്
സർക്കാരിൽ നിന്നും
ലഭിച്ച മറുപടികളും

## തൊഴിലും പുനരധിവാസവും വകുപ്പ്

ശുപാർശ

2210-01-102-96—ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

04—മെഡിക്കൽ ക്ലെയിംസിന്റെ റീഇംബേഴ്സ്മെന്റ്

വിഹിതം : 8,00,00,000 രൂപ (നോൺ പ്ലാന്)

സംസ്ഥാനത്ത് ഇൻഷ്വർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

പതിമൂന്നാം കേരള നിയമസഭയുടെ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ടില്, സംസ്ഥാനത്ത് ഇൻഷ്വർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനും മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ അധികമായി 200 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി.

ഒരു കോടി രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു.

<u>ശുപാർശ</u>

2230-01-001-99—<u>നടത്തിപ്പ്</u>

വിഹിതം : 4,14,99,000 രൂപ (നോൺ പ്ലാന്)

ഈ ശീർഷകത്തിൽ വേതനം, വാഹനം വാങ്ങല്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിലേക്കായി 107.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശകൾ പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ നടപടികൾക്കായി അയച്ചിരുന്നുവെങ്കിലും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവ് G.O.(P)515/2013/Fin. Dated 11-10-2013 പ്രകാരം അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശുപാർശ</u>

2230-01-102-98—<u>തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്</u>

വിഹിതം : 1,97,84,000 രൂപ (നോൺ പ്ലാന്)

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും പ്രവർത്തനത്തിന് 99-വിവരസാങ്കേതിക ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക കുറവായതിനാൽ ഈ ഇനത്തിൽ 45,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശുപാർശകൾ പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ നടപടികൾക്കായി അയച്ചിരുന്നുവെങ്കിലും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവ് G.O.(P)515/2013/Fin. Dated 11-10-2013 പ്രകാരം അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

2230-01-103-96—കശുവണ്ടിതൊഴിലാളി ക്ഷേമനിധി -അംശദാനം

വിഹിതം : 7,10,00,000 രൂപ (നോൺ പ്ലാന്)

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള 2012-13-ലെ മൂന്ന് മാസത്തെ പെൻഷൻ ബാദ്ധ്യതയും 2013-14-ൽ പെൻഷൻ നിരക്ക് സർക്കാർ 525 രൂപയായി ഉയർത്തിയതുമൂലം ഉണ്ടായ വർദ്ധനവും കണക്കിലെടുക്കുമ്പോൾ ഇപ്പോൾ വകയിരുത്തിയിരിക്കുന്നതിനു പുറമെ അധികതുക ബോർഡിന് ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ വിഹിതം കൂടാതെ 3802.44 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ കശുവണ്ടി തൊഴിലാളിക്ഷേമനിധി ബോർഡിന് ബഡ്ജറ്റ് വകയിരുത്തിയ 7,10,00,000 രൂപയ്ക്കു പുറമെ 19-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1442/13/തൊഴിൽ പ്രകാരം 8 കോടി രൂപയും 10-9-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1605/13/തൊഴിൽ പ്രകാരം 9,65,16,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്. മൊത്തം 2475.16 ലക്ഷം രൂപ സെപ്റ്റംബർ 2013 വരെ പെൻഷൻ നൽകുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-103-94—മരംകയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറല്)

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാന്)

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. ഈ തുക കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത തുകകൾ യഥാക്രമം 1,00,000 രൂപയും 50,000 രൂപയും ആയി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

പുതിയ Economy Order ന്റെ അടിസ്ഥാനത്തിൽ മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തികസഹായം ഉയർത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ട തില്ലെന്നാണ് ധനകാര്യവകുപ്പ് അറിയിച്ചിട്ടുള്ളത്.

ശുപാർശ

2012-13 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക 2012 നവംബർ വരെയുള്ള അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ നൽകുവാൻ മാത്രമേ പര്യാപ്തമായിരുന്നുള്ളൂ. 2012 ഡിസംബർ മുതൽ 2013 മാർച്ച് വരെയും 2013-14 സാമ്പത്തിക വർഷത്തെയും ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ അവസാനത്തെ എസ്.ഡി.ജി.യും കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നു.

ശുപാർശ

2230-01-103-92—കേരളത്തിലെ കൈത്തറിത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതി

വിഹിതം : 30,80,000 രൂപ (നോൺ പ്ലാൻ )

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നിരക്ക് 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9451 പെൻഷൻകാരുള്ള ബോർഡിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 570 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ കൈത്തറി തൊഴിലാളിക്ഷേമനിധി പെൻഷനായി ബഡ്ജറ്റ് വകയിരുത്തിയ 30,80,000 രൂപയ്ക്കു പുറമെ 19-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ) 1442/13/തൊഴിൽ പ്രകാരം 1,68,00,000 രൂപയും

10-9-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1605/13/തൊഴിൽ പ്രകാരം 95,00,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്. മൊത്തം 293.8 ലക്ഷം രൂപ സെപ്റ്റംബർ 2013 വരെ പെൻഷൻ നൽകുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2230-01-103-86—<u>കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും</u>

വിഹിതം : 1,03,00,000 രൂപ (നോൺ പ്ലാൻ )

തയ്യൽതൊഴിലാളി പെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും ബോർഡിന് അംശദാനവും നൽകുവാൻ 284.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10-9-2013-ലെ സ.ഉ.(സാധാ)1605/13/തൊഴിൽ നമ്പർ പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2,45,50,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2230-01-103-73—<u>കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി -അംശദാനം</u>

വിഹിതം : 18,70,000 രൂപ (നോൺ പ്ലാൻ )

2013-14 സാമ്പത്തിക വർഷത്തിൽ ക്ഷേമപെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാനായി ഈ ശീർഷകത്തിൽ 146.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനായി "2230-01-103-73"എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയ്ക്കു പുറമെ 3-8-2013-ലെ ജി.ഒ.(ആർടി.)

6429/13/ഫിൻ പ്രകാരം 55,00,000 രൂപയും, 10-9-2013-ലെ ജി.ഒ.(ആർടി.) നമ്പർ 7257/13/ഫിൻ പ്രകാരം 34,48,000 രൂപയും ചേർത്ത് ആകെ 89,48,000 (എൺപത്തൊൻപത് ലക്ഷത്തി നാൽപത്തെട്ടായിരം രൂപ മാത്രം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു. ഈ വർഷത്തെ പെൻഷൻ കുടിശ്ശിക നൽകാൻ ബാക്കിയുള്ള തുക അനുവദിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

2230-01-103-71—<u>കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്-അംശദാനം</u>

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ )

2012-13 സാമ്പത്തിക വർഷത്തെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും നിലവിലെ പെൻഷനിൽ 125 രൂപ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിലും ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 312.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളിപെൻഷൻനൽകുന്നതിനായി"2230-01-103 -71"ബജറ്റ് വിഹിതമായ 1 കോടി രൂപയ്ക്കു പുറമെ 3-8-2013-ലെ ജി.ഒ.(ആർടി.) നമ്പർ 6429/13/ഫിൻ പ്രകാരം 62,00,000 രൂപയും, 10-9-2013 ലെ ജി.ഒ.(ആർറ്റി.) നമ്പർ 7257/13/ഫിൻ പ്രകാരം 66,56,000 രൂപയും ചേർത്ത് ആകെ 1,28,56,000 രൂപ (ഒരു കോടി ഇരുപത്തി എട്ടുലക്ഷത്തി അമ്പത്തിആറായിരം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു. ഈ വർഷത്തെ പെൻഷൻ കുടിശ്ശിക നൽകാൻ ബാക്കിയുള്ള തുക അനുവദിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

2230-01-103-59—<u>കേരള പീടിക വാണിജ്യസ്ഥാപനതൊഴിലാളി ക്ഷേമനിധി ബോർഡ്</u>

വിഹിതം : 1,50,00,000 രൂപ (നോൺ പ്ലാൻ )

2007-08 മുതൽ 2013-14 വരെയുള്ള സർക്കാർ വിഹിതമായ 3,39,68,000 രൂപ കുടിശ്ശികയുണ്ട്. ആയത് സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2013-14-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 189.68 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് അധികതുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ കേരളപീടിക വാണിജ്യസ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ നിർവ്വാഹമില്ല.

ശുപാർശ

2230-01-103-58—കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

കേരള ചെറുകിട തൊട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തുടക്കത്തിൽ (2009-10-ല്)അനുവദിച്ചിരുന്ന 10 ലക്ഷം രൂപ അല്ലാതെ നാളിതുവരെ ബോർഡിന് മറ്റ് തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ബോർഡിന്റെ ഭരണചെലവുകൾക്കായി ഈ ശീർഷകത്തിൽ 39.75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി അവസാനിച്ചതിനാൽ ബോർഡ് പുനഃസംഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ബോർഡിന്റെ നിധിയുടെ വിനിയോഗത്തെപ്പറ്റിയുള്ള നയരൂപീകരണം ബോർഡിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ ബോർഡിന്റെ ഭരണ ചെലവുകൾക്കായി സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 39.75 ലക്ഷം രൂപ ലഭിക്കുന്നതിനുള്ള നടപടികള്, ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷം സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-01-103-57—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

കേരള ജ്വലറി വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 15.3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)।

സർക്കാർ സ്വീകരിച്ച നടപടി

29-3-2014-ലെ സ.ഉ (ആർ .റ്റി) നമ്പർ 2799/2014/ധന നമ്പർ ഉത്തരവ് പ്രകാരം 18,75,000 രൂപ (പതിനെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ധനപുനർ വിനിയോഗം വഴി കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവര്) ക്ഷേമപദ്ധതി

വിഹിതം :1,000 രൂപ (നോൺ പ്ലാൻ )

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനത്തിനായുള്ള ഈ ശീർഷകത്തിൽ 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 128.46 ലക്ഷം രൂപയും 255 ലക്ഷം രൂപയും അനുവദിച്ചിരുന്നു. എന്നാൽ 2011-12, 2012-13 വർഷങ്ങളിലും ഈ സാമ്പത്തിക വർഷവും കേവലം 1,000 രൂപ ടോക്കൺ വിഹിതം മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പദ്ധതി പ്രകാരമുള്ള പെൻഷന്, വിവിധ ആനുകൂല്യങ്ങള്, മറ്റു താത്ക്കാലിക ചെലവുകൾ എന്നിവ നൽകുന്ന പൊതു ക്ഷേമനിധി ഫണ്ടിനായി ടോക്കൺ വിഹിതം മാത്രം വകയിരുത്തിയതിലെ അപാകത സമിതി പ്രത്യേകം ചൂണ്ടിക്കാണിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 311 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)।

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ ലഭിച്ച ഉടൻ തന്നെ 17-8-2013, 23-8-2013 എന്നീ തീയതികളിൽ ഇതിന്മേൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവ്, ലേബർ കമ്മീഷണർ എന്നിവരോട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ യഥാക്രമം 2-9-2013, 28-9-2013 എന്നീ തീയതികളിൽ ലഭിക്കുകയും തുടർന്ന് 4-11-2013-ന് ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുമുണ്ടായി. ധനകാര്യ വകുപ്പ് 23-11-2013-ന് ഇത് സംബന്ധിച്ച് അധികവിവരങ്ങൾ ആരായുകയും തുടർന്ന് കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരങ്ങൾ സഹിതം 2-5-2014 -ന് ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും, 19-5-2014-ന് ധനകാര്യവകുപ്പ്

അധിക വിവരങ്ങൾ വീണ്ടും ആരായുകയും ചെയ്തിരുന്നു. എന്നാൽ ഇതിനകം 2013-14 സാമ്പത്തികവർഷം അവസാനിച്ചതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്ന് കമ്മിറ്റിയെ അറിയിക്കുന്നു.

ശുപാർശ

2230-01-103-34—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)।

സർക്കാർ സ്വീകരിച്ച നടപടി

21-5-2014-ലെ സ.ഉ.(സാധാ)632/14/തൊഴിൽ നമ്പർ പ്രകാരം 2010-11 മുതൽ 2012-13 സാമ്പത്തിക വർഷം വരെ കേരള ഓട്ടോ മൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയ്ക്ക് സർക്കാർ വിഹിതമായി ലഭിക്കേണ്ട 1,08,328 രൂപ (ഒരു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി ഇരുപത്തിയെട്ട് രൂപാ മാത്രം) അനുവദിക്കുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-33—പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം

വിഹിതം : 75,00,00,000 രൂപ (പ്ലാൻ )

പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള, 25,000 രൂപയോ അതിൽ കുറവോ വാർഷിക വരുമാനമുള്ള തൊഴിലാളികൾക്ക് പ്രതിവർഷം 1250 രൂപയിൽ കുറയാത്ത സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിൻ കീഴിൽ മത്സ്യതൊഴിലാളികള്, ബീഡി, ഖാദി, കയര്, മത്സ്യസംസ്കരണം എന്നീ മേഖലയിലെ തൊഴിലാളികള്, കുട്ട/പായ് നെയ്യുന്നവർ തുടങ്ങിയവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2,500 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരുന്ന 75 കോടി രൂപ അനുവദിക്കുന്നതിനായി 29-10-2013-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമായിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-01-103-25—അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

വിഹിതം-50,00,000 രൂപ (പ്ലാൻ )

കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 4,75,00,000 രൂപ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മുൻ വർഷത്തെ അതേ വിഹിതം ഈ വർഷവും ലഭ്യമാക്കുന്നതിനായി 375 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)।

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷം 2230-01-103-25 അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം ശീർഷകത്തിൽ 375 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി അനുവദിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നുവെങ്കിലും നടപ്പു സാമ്പത്തികവർഷം അവസാനിക്കാറായ തിനാലും അവസാന SDG കഴിഞ്ഞതിനാലും 2013-14 സാമ്പത്തികവർഷം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകള്/ഉപേക്ഷിക്കപ്പെട്ടവര്/ വേർപിരിഞ്ഞവര്/അവിവാഹിതര്/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യ)

വിഹിതം : 12,00,00,000 രൂപ (പ്ലാൻ )

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിധവ/ ഉപേക്ഷിക്കപ്പെട്ടവര്/വിവാഹമോചിത/അവിവാഹിത അമ്മ/35-ന് മേൽ പ്രായമുള്ള

അവിവാഹിത വിഭാഗങ്ങളിൽപെടുന്ന വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നതിനായി 2010-2011-ൽ ആരംഭിച്ചതാണ് ഈ സ്വയംതൊഴിൽ പദ്ധതി. പ്രസ്തുത പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നതിനായി 7000 അപേക്ഷകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 2500 ഓളം പേർക്ക് മാത്രമേ ധനസഹായം നൽകാൻ കഴിയൂ. ആകയാൽ ഈ പദ്ധതിക്കായി 1,000 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2013-14 ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധിക തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തില്, ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധികതുക വകയിരുത്തുന്നതിനു വേണ്ടി ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2230-03-101-99—<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

04-1—<u>യാത്രാബത്ത</u>

വിഹിതം : 39,43,000 രൂപ (നോൺ പ്ലാൻ )

2008-09 മുതൽ 42 പുതിയ ഐ.ടി.ഐ.കൾ കൂടുതലായി അനുവദിക്കുകയും പല ഐ.ടി.ഐ.കളും മികവിന്റെ കേന്ദ്രങ്ങളായും ഒന്നാം ഗ്രേഡ് ഐ.ടി.ഐ.കളായും ഉയർത്തിയിട്ടുമുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ വകുപ്പിൽ 180 ഇൻസ്ട്രക്ടർമാരെ 4 മൊഡ്യൂളുകളായി സി.റ്റി.ഐ. ട്രെയിനിംഗിനായി നിയോഗിച്ചതിനാൽ ഒരാൾക്ക് ഒരു മൊഡ്യൂളിന് ശരാശരി 20,000 രൂപ വച്ച് 4 മൊഡ്യൂളുകളിലായി ശരാശരി 80,000 രൂപ എന്ന പ്രകാരത്തിൽ 180 ഇൻസ്ട്രക്ടർമാർക്ക് 1,44,00,000 രൂപ യാത്രാബത്തയിനത്തിൽ ആവശ്യമായും വരുന്ന ഈ സാഹചര്യത്തിൽ ഇതിനായി വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ യാത്രാബത്ത ഇനത്തിൽ 110.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

110.57 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പുസാമ്പത്തിക വർഷത്തിൽ സി.ടി.ഐ.ട്രെയിനിംഗിനായി പോയവർക്കുകൂടി ടി.എ. നൽകുന്നതിനായി ആകെ 206.20 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ

04-2—സ്ഥലംമാറ്റബത്ത

വിഹിതം : 4,58,000 രൂപ (നോൺ പ്ലാൻ )

വ്യാവസായിക പരിശീലന കേന്ദ്രത്തിനായി സ്ഥലംമാറ്റ ബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

3.42 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ടി ശീർഷകത്തിൽ ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ സമിതി ശുപാർശ ചെയ്ത തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശുപാർശ

04-4—അവധി യാത്രാനുകൂല്യം

വിഹിതം : 8,82,000 രൂപ (നോൺ പ്ലാൻ )

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

50 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ടി ശീർഷകത്തിൽ ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ സമിതി ശുപാർശ ചെയ്ത തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശുപാർശ

2230-03-101-74—വനിതാ ഐ.ടി.ഐ. കൾ സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 131.83 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

131.83 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ടി ശീർഷകത്തിൽ ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ സമിതി ശുപാർശ ചെയ്ത തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശുപാർശ

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

വിഹിതം : ഇല്ല

2013-14-ലെ ബഡ്ജറ്റിൽ എല്ലാ ക്ഷേമപെൻഷനുകളും 525 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തന്മൂലം കർഷക തൊഴിലാളി പെൻഷൻ നിരക്കും 525 രൂപയായി ഉയർത്തപ്പെടും. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റീസ്, കോർപ്പറേഷൻ എന്നിവിടങ്ങളിലെ പെൻഷൻ വിതരണത്തിന് 2013-14 സാമ്പത്തിക വർഷത്തിൽ അധികം തുക വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 7858 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

കർഷക തൊഴിലാളി പെൻഷൻ വിതരണത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 281.84 കോടി രൂപ, പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞശേഷം അധിക തുകയ്ക്ക് നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ഈയിനത്തിൽ 2013 ഏപ്രിൽ മുതൽ ഡിസംബർ വരെ 257 കോടി രൂപ ലേബർ കമ്മീഷണർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജനുവരി 2014 മുതൽ മാർച്ച് വരെയുള്ള പെൻഷൻ വിതരണത്തിന് അധിക തുക അനുവദിക്കണമെന്ന് ലേബർ

കമ്മീഷണർ സമർപ്പിച്ച ശുപാർശയിന്മേൽ 2013-14 സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും Election Code of Conduct നിലവിലുള്ളതിനാലും ക്ഷേമപെൻഷൻ വിതരണത്തിനായി അവശേഷിക്കുന്ന തുക ഉൾപ്പെടെ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്നാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

## ഊർജ്ജ വകുപ്പ്

ശുപാർശ

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതിനുള്ള സബ്സിഡി

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതിലുള്ള സബ്സിഡിയായി പ്രഖ്യാപിച്ചിരുന്ന ആകെ തുകയായ 294.02 കോടിയുടെ ആദ്യഗഡുവായ 25 കോടി രൂപ മാത്രമാണ് 2012-13 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് ലഭിച്ചത്. ബാക്കിയുള്ള തുക 2012-13-ലെ പുതുക്കിയ ബഡ്ജറ്റിലോ 2013-14-ലെ ബഡ്ജറ്റിലോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 26902 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

ശുപാർശ

ഈ പദ്ധതി 2013-14 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിനാൽ ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള സബ്സിഡിക്കായി 25000 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 48 & 49)

6-8-2012-ലെ ജി.ഒ.(എംഎസ്.) 18/2012/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക

ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കുന്നതുമൂലം സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന അധിക ബാധ്യത നികത്തുന്നതിന്റെ ഭാഗമായി 294.02 കോടി രൂപ ബോർഡിന് അനുവദിക്കുന്നതിനും 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി നിയമത്തിലെ 65-ാംവകുപ്പ് അനുശാസിക്കുന്ന പ്രകാരം, പ്രസ്തുത തുക ജൂലൈ മാസം മുതൽ 25 കോടി രൂപ വീതം മുൻകൂറായി വൈദ്യുതി ബോർഡിന് നൽകാനും ഉത്തരവായിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ സബ്സിഡി ഇനത്തിൽ ബോർഡിന് മൊത്തം ലഭിക്കേണ്ടിയിരുന്ന തുകയായ 225 കോടി രൂപയിൽ ആദ്യ ഗഡുവായ 25 കോടി രൂപ 15-12-2012-ലെ ജി.ഒ.(ആർടി.) നമ്പർ 10502/12/ഫിൻ ഉത്തരവ് പ്രകാരം വൈദ്യുതി ബോർഡിന് ലഭ്യമാക്കിയിരുന്നു.

ബാക്കി തുകയായ 200 കോടി രൂപ ബോർഡിന് ലഭ്യമാക്കുന്നതിലേയ്ക്കായി 2012-13-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക 2012-13-ലെ പുതുക്കിയ ബഡ്ജറ്റിലൊ 2013-14-ലെ ബഡ്ജറ്റിലൊ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. 30-4-2013-ലെ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവു പ്രകാരം 1-5-2013 മുതൽ നിലവിൽ വന്ന പുതുക്കിയ താരിഫ് വർദ്ധനയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുടരുന്ന കാര്യം സർക്കാർ പരിശോധിക്കുകയും 6-8-2012-ലെ ജി.ഒ.(എംഎസ്.)നമ്പർ 18/12/ഊ.വ സർക്കാർ ഉത്തരവ് പ്രകാരം പ്രതിമാസം 25 കോടി രൂപ വീതം അനുവദിച്ച സബ്സിഡി തുടരാനും കൂടാതെ 1-5-2013 മുതൽ 31-7-2013 വരെ മൂന്ന് മാസത്തേക്ക് പ്രതിമാസം
10.08 കോടി രൂപ (ആകെ 30.24 കോടി രൂപ) അനുവദിക്കാനും 28-5-2013-ലെ ജി.ഒ.(എംഎസ്.)നമ്പർ 24/13/ഊ.വ പ്രകാരം ഉത്തരവാകുകയും ചെയ്തു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബോർഡിന് ലഭിക്കേണ്ട തുക നൽകാനായി 2013-14 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ടി തുക ഉൾപ്പെടുത്താൻ സംസ്ഥാന വൈദ്യുതി ബോർഡ് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ജൂലൈ വരെ സബ്സിഡി ഇനത്തിൽ നൽകേണ്ടതായ 330.24 കോടി രൂപ ഉപധനാഭ്യർത്ഥനയിൽപ്പെടുത്തി ബോർഡിന് അനുവദിക്കണമെന്ന് ഈ വകുപ്പ് ധനകാര്യവകുപ്പിനോട് നിർദ്ദേശിച്ചു.

പ്രസ്തുത തുകയിൽ 150 കോടി രൂപ 2013-14-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 50 കോടി രൂപ ധനകാര്യവകുപ്പിന്റെ 27-5-2013-ലെ ജി.ഒ.(ആർടി.) നമ്പർ 4630/13/ഫിൻ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കണ്ടിജൻസി ഫണ്ടിൽ (Contingency Fund) നിന്ന് സർക്കാർ വൈദ്യുതി ബോർഡിന് മുൻകൂറായി ലഭ്യമാക്കിയ 50 കോടി രൂപ ക്രമീകരിക്കുന്നതിനും വേണ്ടി ഉള്ളതായിരുന്നു. ബാക്കി 100

കോടിയിൽ 21-8-2013-ലെ ജി.ഒ.(ആർടി.)239/13/ഊ.വ നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപ ബോർഡിനു ലഭ്യമാക്കുകയും ബാക്കി 75 കോടി രൂപ മൂന്ന് തവണയായി ലഭ്യമാക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ഇതിൽ 25 കോടി രൂപ കൂടി 7-11-2013-ലെ ജി.ഒ.(ആർടി.) നമ്പർ 293/13/ഊ.വ നമ്പർ ഉത്തരവ് പ്രകാരം ബോർഡിനു ലഭ്യമാക്കിയിട്ടുണ്ട്.

ഇപ്രകാരം സാമ്പത്തികവർഷം 2012-13-ലും 2013-14-ലും ആയി ബോർഡിന് മൊത്തം ലഭിക്കേണ്ടതും ലഭിച്ചതുമായ തുകയുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| | (തുക കോടിയിൽ) |
|---|---|
| <u>2012-13</u> | |
| ജൂലൈ 2012 മുതൽ മാർച്ച് 2013 വരെ (9 മാസം x 25 കോടി രൂപ) | 225.00 |
| <u>2013-14</u> | |
| ഏപ്രിൽ 2013 മുതൽ മാർച്ച് 2014 വരെ (12 മാസം x 25 കോടി രൂപ | 300.00 |
| മേയ് 2013 മുതൽ ജൂലൈ 2013 വരെ (3 മാസം x 10.08 കോടി രൂപ) | 30.24 |
| ആകെ ലഭിക്കേണ്ടത് | 555.24 |

| *ലഭിച്ച തുക* | *തുക കോടിയിൽ* | |
|---|---|---|
| ലഭിച്ച തീയതി 24-12-2012 | 25 | |
| 31-5-2013 (കണ്ടിജൻസി ഫണ്ട് അഡ്വാൻസ്) | 50 | |
| 10-9-2013 | 25 | |
| 28-11-2013 | 25 | |
| ഉപധനാഭ്യർത്ഥനയിൽ അനുവദിച്ച തുകയിൽ ബോർഡിന് ലഭ്യമാക്കാൻ ബാക്കിയുള്ള തുക | 50 | 175.00 |

(തുക കോടിയിൽ )

| | | |
|---|---|---|
| | ബാക്കി ലഭിക്കേണ്ടത് | 380.24 |

മേൽപ്പറഞ്ഞ 380.24 കോടി രൂപ 2013-14 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽപ്പെടുത്തി ബോർഡിന് അനുവദിക്കണമെന്ന് ഊർജ്ജവകുപ്പ് ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന സംബന്ധിച്ച നിർദ്ദേശങ്ങളിന്മേൽ സർക്കാർ വിജ്ഞാപനം ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഊർജ്ജവകുപ്പ് നിർദ്ദേശിച്ച പ്രകാരം മുഴുവൻ തുകയും ഉപധനാഭ്യർത്ഥന പ്രകാരം അനുവദിക്കാത്തപക്ഷം സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

## ശുപാർശ

**ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാദ്ധ്യത നികത്തുന്നതിലേക്കായി അനുവദിച്ച സബ്സിഡി**

പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്നും 1-10-2012 മുതൽ 31-12-2012 വരെ ഒഴിവാക്കിയതുമൂലം വൈദ്യുതി ബോർഡിനുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്ന തിലേക്കായി സബ്സിഡിയിനത്തിൽ അനുവദിച്ച 25 കോടി രൂപ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ബോർഡ് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിലായ തിനാൽ ഈയിനത്തിൽ ബോർഡിനനുവദിച്ച 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

## സർക്കാർ സ്വീകരിച്ച നടപടി

21-3-2013-ലെ ജി.ഒ.(ആർടി.) നമ്പർ 87/13/ഊ.വ. സർക്കാർ ഉത്തരവ് പ്രകാരം പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്നും 1-10-2012 മുതൽ 31-12-2012 വരെ ഒഴിവാക്കിയതുമൂലം വൈദ്യുതി ബോർഡിനുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്നതിലേക്കായി സബ്സിഡി ഇനത്തിൽ 25 കോടി രൂപ ബോർഡിന് അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. 2013-14 -ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ടി തുക ഉൾപ്പെടുത്തണമെന്ന് സർക്കാരിനോട് ബോർഡ് അഭ്യർത്ഥിച്ചതനനുസരിച്ച് ഇതു സംബന്ധിച്ച നിർദ്ദേശം ഊർജ്ജവകുപ്പ് ധനകാര്യ വകുപ്പിന് നൽകിയിരുന്നു. എന്നാൽ

പ്രസ്തുത തുക ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. 2013-14 വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥന സംബന്ധിച്ച് ബോർഡ് 6-12-2013-ലെ കത്തു പ്രകാരം ലഭ്യമാക്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തില്, ടി സബ്സിഡി തുകയായ 25 കോടി രൂപ ഉപധനാഭ്യർത്ഥനയിൽപ്പെടുത്തി ബോർഡിന് അനുവദിച്ചു നൽകണമെന്ന് ഊർജ്ജവകുപ്പ് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശുപാർശ

2810-00-800-99—ഗ്രാമീണസാങ്കേതികവിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 2,24,15,000 രൂപ (നോൺ പ്ലാൻ )

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകള്, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള 250 ലക്ഷം രൂപ നിർത്തലാക്കിയിരിക്കുകയാണ്. അനെർട്ടിന്റെ എക്സ്ക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് പ്രകാരം 2013-14 വർഷത്തിലേക്ക് പ്രതീക്ഷിക്കുന്ന പദ്ധതി ഇതരചെലവുകൾ 457.16 ലക്ഷം രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 233.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശയിന്മേൽ ബഹു. ധനകാര്യമന്ത്രി നിയമസഭയിൽ നൽകിയ പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ള വിഭവലഭ്യത സംബന്ധിച്ച പരിമിതാവസ്ഥ ഇപ്പോഴും തുടരുന്നതിനാൽ അനെർട്ടിന് ബഡ്ജറ്റ് വിഹിതത്തിനുപരിയായി അധികതുക അനുവദിക്കണമെന്ന ശുപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന് ധനകാര്യവകുപ്പ് അറിയിച്ചതിനാൽ പ്രസ്തുത തുക അനെർട്ടിന് ലഭിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

2810-00-800-93—<u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം</u>

വിഹിതം : 1,38,00,000 രൂപ (പ്ലാൻ )

54,50,000 രൂപ (നോൺ പ്ലാൻ )

01—<u>സംസ്ഥാന കൺസർവേഷൻ അവാർഡുകൾ</u>

ഊർജ്ജസംരക്ഷണ അവാർഡുകൾ നൽകുന്നതിനായും ഊർജ്ജ സംരക്ഷണ മാസാചരണം സംഘടിപ്പിക്കുന്നതിനായും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>ശുപാർശ</u>

02—<u>എനർജി കൺസർവേഷൻ ആക്ടിവിറ്റീസ്</u>

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ആവശ്യകത അധികരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾക്കും എനർജി ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ലൈബ്രറികളിലൂടെയുള്ള ഊർജ്ജസംരക്ഷണ പരിപാടികൾക്കും സംസ്ഥാനത്തെ ഹൈസ്കൂള്, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലൂടെയുള്ള ഊർജ്ജസംരക്ഷണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരിപാടിക്കും വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ അറിവു പകരുന്നതിനായുള്ള ഊർജ്ജ ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപകമാക്കേണ്ടതിനും ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾക്കും മറ്റുമായി ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>ശുപാർശ</u>

03—<u>ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്മെന്റ് ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ്</u>

ഗവേഷണ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണപഠനങ്ങളും ഉൽപ്പന്ന വികസനവും പ്രോത്സാഹിപ്പിക്കുക, നിലവിലുള്ള ഐ.ടി.

ഇൻഫ്രാസ്ട്രക്ച്ചര്, ലൈബ്രറി എന്നിവ ശക്തിപ്പെടുത്തുക. ഇ.എം.സി. സ്റ്റാഫിന്റെ കാര്യശേഷി വർദ്ധിപ്പിക്കുക, ഊർജ്ജസംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

ശുപാർശ

04—സി.എഫ്.എല്.ന്റെ സുരക്ഷിതമാർഗ്ഗത്തിലൂടെയുള്ള നശിപ്പിക്കൽ

സി.എഫ്.എല്. വിളക്കുകളിലെ ചെറിയതോതിലുള്ള മെർക്കുറി പരിസര മലിനീകരണം ഉളവാക്കുന്നതിനാൽ സി.എഫ്.എല്.കളുടെ ഉപയോഗംകൂടിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇവ നശിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി ഒരു റീസൈക്കിൾ പ്ലാന്റ് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 485 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 52,53,54,55)

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതി കാരണം നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശുപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ 2014-15 വർഷത്തേക്ക് ഇതിനായി 550 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

എനർജി മാനേജ്മെന്റ് സെന്ററിനും എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനും സർക്കാർ അനുവദിച്ച സ്ഥലത്ത് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശുപാർശ

മുനിസിപ്പാലിറ്റികളിലെ ഊർജ്ജകാര്യക്ഷമതാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കാര്യക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എല്.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക, സീറോ വാട്ട് ബൾബുകൾക്കു പകരം ഒരു വാട്ട് എല്.ഇ.ഡി. വിളക്കുകൾ നൽകുന്നതിനും മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ എന്ന പരിപാടി

നടപ്പിലാക്കുക, ബോട്ട് ജട്ടികളിലും മറ്റും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന എല്.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക എന്നിവയ്ക്കായി 175 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

ശിപാർശ

എനർജി മാനേജ്മെന്റ് സെന്ററിൽ ശമ്പളം, യാത്രാചെലവുകള്, തപാല്, ടെലിഫോണ്, ഇലക്ട്രിസിറ്റി, വാട്ടര്, പ്രിന്റിംഗ്, കരം, നികുതി എന്നീ പ്രവർത്തന ചെലവുകൾക്ക് അധികതുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ നോൺ പ്ലാനിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 135.50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 57, 58)

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതി കാരണം നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശുപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

4810-00-800-97—സ്മോൾ ഹൈഡ്രോ പവർ ഡെവലപ്മെന്റ്(ആര്.ഐ.ഡി.എഫ്.)

വിഹിതം : 2,00,00,000 രൂപ (നോൺ പ്ലാന്)

ഈ ശീർഷകത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള ടർബൈനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കും മൈക്രോ ഹൈഡ്രോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യൂനിഡോ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

2013-14 ബഡ്ജറ്റിൽ 4810-00-800-97 സ്മാൾ ഹൈഡ്രോ പവർ ഡെവലപ്മെന്റ് (RIDF) എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിനായി 750

KW കുരിശ്ശടി പദ്ധതിക്കുള്ള വിശദപഠന റിപ്പോർട്ട് നബാർഡ് ആര്.ഐ.ഡി.എഫ്. സാമ്പത്തിക സഹായത്തിനായി സമർപ്പിക്കുകയും നബാർഡ് 657.40 ലക്ഷം രൂപ ലോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

G.O.(Rt.)No.103/2014/PD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി 657.40 ലക്ഷം രൂപ നബാർഡ് ലോണും 34.60 ലക്ഷം രൂപ സംസ്ഥാനവിഹിതവുമായി നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. 2013-14 ബഡ്ജറ്റിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി മറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. കുരിശ്ശടി പദ്ധതി നടത്തിപ്പ് കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള ടർബൈനുകൾ വികസിപ്പിച്ചെടുക്കല്, 10 മൈക്രോ ഹൈഡ്രോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കല്, ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യുനിഡോ മേഖലാ കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങിയ പരിപാടികൾക്കും ജലവൈദ്യുത പദ്ധതി വികസനം എന്ന പദ്ധതിയിൻകീഴിൽ 100 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. ബഹു. സബ്ജക്ട് കമ്മിറ്റി അധികം രൂപ ശുപാർശ ചെയ്തെങ്കിലും അധികമായി ആവശ്യപ്പെട്ട 100 ലക്ഷം രൂപ ലഭ്യമായിട്ടില്ല.

<u>ശുപാർശ</u>

4810-00-800-99—<u>മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറിയുടെ നവീകരണ പദ്ധതി-മരാമത്ത് പണികൾ</u>

വിഹിതം : 3,40,00,000 രൂപ (പ്ലാൻ )

2012-13 സാമ്പത്തിക വർഷത്തിൽ 4 ആട്ടോമാറ്റിക് എനർജി മീറ്റർ ടെസ്റ്റ് ബഞ്ച് ലഭിച്ചത് സ്പെസിഫിക്കേഷൻ അനുസരിച്ച് അല്ലാത്തതിനാൽ അവ തിരസ്കരിക്കേണ്ടതായി വന്നു. ആയത് 2013-14 സാമ്പത്തിക വർഷം വാങ്ങേണ്ടതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശുപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ഭാഗം II

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശുപാർശകൾ

### തൊഴിലും പുനരധിവാസവും വകുപ്പ്

ശുപാർശ

2230-01-101-98—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനായുള്ള ഉപദേശക കമ്മിറ്റി

വിഹിതം : 6,83,000 രൂപ (നോൺ പ്ലാൻ )

സംസ്ഥാനത്തെ പരമ്പരാഗത മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലി, ബോണസ്, സേവന വേതന വ്യവസ്ഥകൾ തുടങ്ങിയവ തീരുമാനിക്കുന്ന ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന വ്യവസായ ബന്ധ സമിതികളിലെ അംഗങ്ങളുടെയും മിനിമം വേജസ് കമ്മിറ്റി അംഗങ്ങളുടെയും യാത്രാച്ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും വേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

2230-01-101-97—സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ്

വിഹിതം : 36,83,000 രൂപ (നോൺ പ്ലാൻ )

സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് സെക്രട്ടറിയുടെയും മെമ്പർമാരുടെയും ജീവനക്കാരുടെയും ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് എന്നിവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവ് ഇനത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക കുറവായതിനാൽ 05-ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 22,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2230-01-101-96—വ്യാവസായിക ട്രിബ്യൂണല്, ആലപ്പുഴ
05-(4)—മറ്റിനങ്ങൾ

വിഹിതം : 52,000 രൂപ (നോൺ പ്ലാൻ )

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ , കോഴിക്കോട്
06—വാടക, കരം, നികുതി

വിഹിതം : 50,000 രൂപ (നോൺ പ്ലാൻ )

വ്യാവസായിക ട്രിബ്യൂണലിന്റെ വാടക, കരം, നികുതി ഇനത്തിൽ 24-2-2012 മുതലുള്ള കുടിശ്ശിക നൽകേണ്ടതിനാൽ ടി ശീർഷകത്തിൽ 1.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2230-03-101-94—വ്യാവസായിക ട്രിബ്യൂണല്, കൊല്ലം
99—വിവരസാങ്കേതിക വിദ്യ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

ഈ ശീർഷകത്തിൽ അനുവദിച്ച തുക ഓഫീസ് നടപടികൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് അപര്യാപ്തമായതിനാൽ 1.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2230-01-101-93—തൊഴിൽ കോടതി, കൊല്ലം
99—വിവരസാങ്കേതികവിദ്യ

വിഹിതം :1,000 രൂപ (നോൺ പ്ലാൻ )

കൊല്ലം തൊഴിൽ കോടതിയിൽ സ്ഥാപിച്ചിട്ടുള്ള 3 കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിന് ടി തുക അപര്യാപ്തമായതിനാൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2230-01-101-92—<u>തൊഴിൽ കോടതി, കോഴിക്കോട്</u>

വിഹിതം : 47,87,000 രൂപ (നോൺ പ്ലാൻ )

കോഴിക്കോട് തൊഴിൽ കോടതിക്ക് വൈദ്യുത ചെലവുകള്, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2230-01-101-91—<u>തൊഴിൽ കോടതി, എറണാകുളം</u>

വിഹിതം : 52,11,000 രൂപ (നോൺ പ്ലാൻ )

എറണാകുളം തൊഴിൽ കോടതിക്ക് ടെലഫോണ്, സംരക്ഷണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയ്ക്കായി 35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

2230-01-101-89—<u>തൊഴിൽ കോടതി, കണ്ണൂർ</u>

21(2)—<u>മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 15,000 രൂപ (നോൺ പ്ലാൻ )

കണ്ണൂർ തൊഴിൽ കോടതിക്ക് കാർ റിപ്പയർ ചെയ്യുന്നതിലേക്കായി 18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

2230-01-101-86—<u>വ്യാവസായിക ട്രിബ്യൂണൽ , ഇടുക്കി</u>

വിഹിതം : 52,49,000 രൂപ (നോൺ പ്ലാൻ )

ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് യാത്രാബത്ത, വൈദ്യുത ചെലവുകള്, ടെലഫോൺ ചെലവ്, വാടക, കരം, നികുതി, സംരക്ഷണവും അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായും പുതിയ വാഹനം വാങ്ങുന്നതിലേക്കുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 16.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2230-01-102-99—<u>വ്യവസായശാലാ ഡയറക്ടറാഫീസ്</u>

21(1)—<u>മോട്ടോർ വാഹനങ്ങള്-വാഹനം വാങ്ങൽ</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ )

വ്യവസായശാല ഡയറക്ടറാഫീസിന് വാങ്ങുവാൻ അനുമതി ലഭിച്ച 2 വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 19.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

2230-01-102-95—<u>ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും</u>

04—<u>യാത്രാചെലവുകൾ</u>

വിഹിതം : 3,36,000 രൂപ (നോൺ പ്ലാൻ )

ജ്ജീവനക്കാരുടെ യാത്രാപ്പടി , കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,64,000 രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2230-01-103-88—<u>കേരള ആർട്ടിസാൻസ് ആന്റ് സ്കില്‍ഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം</u>

വിഹിതം : 16,38,000 രൂപ (നോൺ പ്ലാൻ )

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 112.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

2230-01-103-87—<u>പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം</u>

വിഹിതം : 40,00,000 രൂപ (നോൺ പ്ലാൻ )

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക്

ഉത്സവബത്തയായി 2012-13-ൽ 600 രൂപ വീതമാണ് നൽകിയിരുന്നത്. ഈ തുക തികച്ചും തുച്ഛമായതിനാൽ ഉത്സവബത്ത 600 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു .

(ഖണ്ഡിക 21)

2230-01-103-79—കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ )

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2013-14 സാമ്പത്തിക വർഷംവരെ 19.85 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുള്ളതിനാൽ 2013-14 വർഷം വകയിരുത്തിയിട്ടുള്ള 22 ലക്ഷം രൂപയ്ക്കു പുറമേ 1963 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം

വിഹിതം : 76,17,000 രൂപ (നോൺ പ്ലാൻ )

കേരള കർഷക തൊഴിലാളി ക്ഷേമബോർഡിലെ അംഗങ്ങൾക്ക് ക്ഷേമാനുകൂല്യ വിതരണത്തിന് 129 കോടിയിലധികം രൂപ ആവശ്യമായ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 12828 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ )

ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ)ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള സംഖ്യ വകകൊള്ളിച്ചിട്ടുള്ളതാണ് ഈ ശീർഷകം. വർഷം തോറും 5 കോടിയിലധികം രൂപ ആവശ്യമായി വരുന്ന ഒരു സാമൂഹ്യ സുരക്ഷാ ക്ഷേമപദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)।

2230-01-103-61—കേരള ബാർബർ ബ്യൂട്ടീഷൻ ക്ഷേമപദ്ധതി

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ )

2012-13 -ലെ പെൻഷൻ കുടിശ്ശികയും 2013-14-ലേക്കുള്ള പെൻഷനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 31.11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)।

2230-01-103-50—കേരള അലക്കു തൊഴിലാളി ക്ഷേമനിധി പദ്ധതി

വിഹിതം : 13,00,000 രൂപ (നോൺ പ്ലാൻ )

കേരള അലക്കുതൊഴിലാളി ക്ഷേമനിധി വ്യവസ്ഥ പ്രകാരം സർക്കാർ കോൺട്രിബ്യൂഷനായി 2008-09 മുതൽ 2013-14 വരെയുള്ള കുടിശ്ശികയും കൂടാതെ പെൻഷൻ നൽകുന്നത് ഗവൺമെന്റിൽ നിന്നുമാകയാൽ ആയിനത്തിൽ 2013-14-ലേക്കുള്ള വിഹിതവും അനുവദിക്കേണ്ടതിനാൽ 43.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)।

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 35,23,55,000 രൂപ (നോൺ പ്ലാൻ )

പദ്ധതിയിതരയിനത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം, വാഹനം വാങ്ങല്, വിവരസാങ്കേതികവിദ്യ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 129.73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)।

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

34—മറ്റു ചെലവുകൾ

വിഹിതം : 2,33,000 രൂപ (നോൺ പ്ലാൻ )

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടത്തക്കവിധം സി.ജി.സി.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)।

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം : 2,50,00,000 രൂപ (പ്ലാൻ )

2013-14 സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 250 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള കണ്ണൂര്, മലപ്പുറം, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള തുടർ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)।

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്- സഹായധനം

വിഹിതം: 15,00,000 രൂപ (പ്ലാൻ )

16,50,000 രൂപ (നോൺ പ്ലാൻ )

കിലയുടെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നതിൽ 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തൊഴിൽ ഭവനിൽ അഞ്ചാം നിലയിൽ കിലയ്ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പരിശീലന ഗവേഷണ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം, ആനുകൂല്യങ്ങൾ പുനർ നിർണ്ണയിച്ച വാടക തുടങ്ങിയ ചെലവുകൾക്ക് നോൺ പ്ലാൻ ഇനത്തിൽ 3.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

4250-00-800-99—<u>നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്</u>
വിഹിതം: 141,00,00,000 രൂപ (പ്ലാൻ )

2011-12 ൽ എം.എൽ .എ ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം അനുവദിച്ചിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടി രൂപയുടെ കുറവുണ്ടായി. 2013-14-ലെ വിഹിതമായ 141 കോടി രൂപയ്ക്ക് പുറമേ 3525 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2014 ജൂലൈ 9.